അനുബന്ധം II-ൽ* ഉൽപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷന് ജില്ലാതലത്തിലോ റീജിയണൽതലത്തിലോ ഓഫീസുകൾ ആരംഭിച്ചിട്ടില്ല. അപേക്ഷാഫാറങ്ങളും വിശദമായ വിവരങ്ങളും കോർപ്പറേഷന്റെ www.kswcfc.org. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരാവകാശ നിയമത്തിൽനിന്നും വിജിലൻസ് വകുപ്പിനെ ഒഴിവാക്കൽ

12 (1744) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് വകുപ്പിനെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(സി) ഇത് പാർലമെന്റ് പാസ്സാക്കിയ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 8 ക്ലോസ്(1)-ന് വിപരീതമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വിജിലൻസ് വകുപ്പിനെ അപ്പാടെ വിവരാവകാശ നിയമത്തിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന വിജിലൻസ് വകുപ്പിന്റെ ("T") ബ്രാഞ്ചിനെ 27-1-2016-ലെ ജി.ഒ. (പി) നമ്പർ 7/2016/ പൊഭവ. നമ്പർ ഉത്തരവ് പ്രകാരം വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ എസ്.ആർ.ഒ. നമ്പർ നിലവിൽ വന്നിട്ടില്ല.

(ബി) അതീവ രഹസ്യ സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന വകുപ്പാണ് വിജിലൻസിന്റെ ' Top Secret' ബ്രാഞ്ച് ("T" ബ്രാഞ്ച്). വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ വരുന്നതാകയാൽ അന്വേഷണങ്ങളെയും കേസുകളുടെ രഹസ്യ സ്വഭാവത്തെയും ഇത് ദോഷകരമായി ബാധിക്കും എന്നതുകൊണ്ട് "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നുള്ള ആഭ്യന്തര (വിജിലൻസ്) വകുപ്പിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് "T" ബ്രാഞ്ചിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരാവകാശ നിയമത്തിന്റെ വകുപ്പ് 8 ക്ലോസ് (1) പ്രകാരം ചില പ്രത്യേക വിവരങ്ങളെ വിവരാവകാശ നിയമപ്രകാരമുള്ള വെളിപ്പെടുത്തലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിൽ ഭാരതത്തിന്റെ പരമാധികാരത്തെയും അഖണ്ഡതയെയും, രാജ്യത്തിന്റെ സുരക്ഷിതത്ത്വത്തെയും തന്ത്രപ്രാധാന്യത്തെയും, ശാസ്ത്രീയവും സാമ്പത്തികവുമായ താൽപ്പര്യങ്ങളെയും, വിദേശ രാജ്യങ്ങളുമായുള്ള ബന്ധത്തെയും ഹാനികരമായി ബാധിക്കുന്ന വിവരങ്ങൾ, ഒരു കുറ്റകൃത്യത്തിന് പ്രേരണ നൽകുന്ന വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടും. സെക്ഷൻ 24(4) വകുപ്പ് പ്രകാരം വിജിലൻസ് വകുപ്പിന്റെ "T" ബ്രാഞ്ചിനെ വിവരാവകാശ നിയത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയത് വകുപ്പ് 8(1)-ന് വിരുദ്ധമല്ല.

കൈക്കൂലി വാങ്ങുന്നതിനെതിരെ നടപടി

13 (1745) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച സർക്കാർ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വയോജനക്ഷേമ വകുപ്പ് രൂപീകരണം

14 (1746) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുതിർന്ന പൗരൻമാർക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് വയോജനക്ഷേമ വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

വയോജനക്ഷേമ വകുപ്പ് രൂപീകരിക്കുന്നതിന് നാളിതുവരെ തീരുമാനിച്ചിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly